(ഇ) പ്രസ്തുത മലനിരകളിലുള്ള ഔഷധസസ്യങ്ങൾ നശിക്കാതിരിക്കുന്നതിന് എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അഗസ്ത്യാർകൂടം സന്ദർശനം മകര വിളക്ക് മുതൽ ശിവരാത്രി വരെയുള്ള കാലത്തേക്ക് മാത്രം അനുവദിച്ചും, സന്ദർശകരുടെ എണ്ണം നിയന്ത്രിച്ചും, സന്ദർശകർക്ക് പാസ് ഏർപ്പെടുത്തിയും, 20 പേർ അടങ്ങുന്ന ഓരോ സംഘത്തോടൊപ്പം ഓരോ ഗൈഡിനെ നിയോഗിച്ചും, മലനിരകൾക്കോ, ജൈവ സമ്പത്തിനോ, ശോഷണം വരാത്ത രീതിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും, സംരക്ഷിത പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും, വേനൽക്കാലത്ത് അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയും അഗസ്ത്യാർകൂടം സംരക്ഷിച്ചുവരുന്നു.

(ബി) 6109 പേർ.

(സി) താൽക്കാലിക സൗകര്യങ്ങൾ എല്ലാ കൊല്ലവും ഏർപ്പെടുത്താറുണ്ട്.

(ഡി) പ്ലാസ്റ്റിക് കവറുകളും ഭക്ഷ്യാവശിഷ്ടവും മറ്റുംകൊണ്ട് ഈ പ്രദേശം മലിനമാകാതിരിക്കുന്നതിന്, പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം നിരോധിക്കുകയും, കൂടാതെ തീർത്ഥാടകർ ഉപേക്ഷിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാൻ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇവർ മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുന്നത് ഉദ്യോഗസ്ഥൻമാർ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

(ഇ) സന്ദർശനവേളയിൽ ഔഷധസസ്യങ്ങൾക്ക് നാശം വരുത്താതിരിക്കുന്നതിന് ഈ പ്രദേശത്തിന്റെ ജൈവസവിശേഷതകളെക്കുറിച്ച് സന്ദർശകരെ ബോധവൽക്കരിക്കുകയും ഔഷധസസ്യങ്ങൾ നശിപ്പിക്കാതിരിക്കുന്നതിന്, കർശനമായ നിർദ്ദേശം നൽകുകയും, അഗസ്ത്യാർകൂടത്തേക്കുള്ള വഴിത്താരയിൽ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കുകയും, ഗൈഡുകളുടെ നിയന്ത്രണത്തിൽ സന്ദർശകരുടെ യാത്രാവേളയിൽ ഔഷധസസ്യങ്ങൾ നശിപ്പിക്കുകയില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

ചന്ദന മാഫിയാ ആക്രമണം

93 [3347] *ശ്രീ. ലൂഡി ലൂയിസ്:*
,, കെ. എ. ചന്ദ്രൻ:
,, സി. പി. മുഹമ്മദ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂരിലും പരിസരപ്രദേശത്തും ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വനപാലകർക്കെതിരെ ചന്ദന മാഫിയയുടെ എത്ര ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ആക്രമണങ്ങൾമൂലം എത്ര വനപാലകർക്ക് പരിക്ക് പറ്റിയിട്ടുണ്ട്;

(സി) ഈ ആക്രമണങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ആക്രമണവിധേയരായ വനപാലകർക്ക് എന്തെല്ലാം സഹായങ്ങൾ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്ന് ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) എട്ട് വനപാലകർക്കും മൂന്ന് ദിവസക്കൂലി വാച്ചർമാർക്കും പരിക്ക് പറ്റിയിട്ടുണ്ട്.

(സി) ഈ ആക്രമണങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള 30 പ്രതികൾക്കെതിരെ മറയൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 16 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആക്രമണവിധേയരായ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പ്രത്യേകമായി ആശ്വാസ നടപടികളൊന്നും പ്രഖ്യാപിച്ചിട്ടില്ല. എല്ലാ സർക്കാർ ഉദ്യോഗസ്ഥൻമാർക്കും ലഭിക്കുന്ന മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യം മാത്രമാണ് ആക്രമണത്തിനിരയായ വനപാലകർക്കും ലഭിക്കുന്നത്.

ശാസ്താംകോട്ട കായലിന് ചുറ്റും വനവൽക്കരണം

94 [3349] *ശ്രീ. പി. ജെ. ജോയി:*

„ *കെ. സുധാകരൻ:*

„ *എം. മുരളി:*

„ *ടി. യു. രാധാകൃഷ്ണൻ:*

„ *ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട കായലിന് ചുറ്റുമുള്ള സ്ഥലങ്ങളിൽ വനവൽക്കരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിൽ ഇവിടെ ഏതെല്ലാം തരത്തിലുള്ള സസ്യങ്ങളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly